പ്രൊഡക്ടിവിറ്റി ഇംപ്രൂവ്മെന്റ്) എന്ന സംസ്ഥാനാവിഷ്കൃത പദ്ധതിയുടെ കീഴിൽ മണ്ണിന്റെ പോഷക ഘടകങ്ങൾ വർദ്ധിപ്പിച്ച് മണ്ണിന്റെ ആരോഗ്യ പരിപാലനത്തിനുള്ള വിവിധ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നുണ്ട്. കേരളത്തിലെ 90% മണ്ണിലും അമ്ലത്വം കൂടിയതിനാൽ നീറുകക്ക മുതലായവ ചേർത്ത് അമ്ലത്വം ക്രമീകരിച്ച് പോഷക ലഭ്യത കൂട്ടുവാനുള്ള പദ്ധതിയും മണ്ണിലെ സൂഷ്മ മൂലകങ്ങളുടെ അഭാവം പരിഹരിക്കുന്നതിന് "സപ്പോർട്ട് ടു സെക്കണ്ടറി ആന്റ് മൈക്രോ ന്യൂട്രിയന്റ്സ്" എന്ന പദ്ധതിയും നടപ്പിലാക്കുന്നുണ്ട്.

(സി) സോയിൽ ഹെൽത്ത് കാർഡ് വിതരണത്തിനായി മണ്ണ് പര്യവേഷണ സംരക്ഷണ വകപ്പിന്റെ സംസ്ഥാന പദ്ധതികളായ "മണ്ണ് പരിശോധന ശാലകൾ", "സോയിൽ ഇൻഫർമാറ്റിക്സ് ആന്റ് പബ്ലിക്കേഷൻ സെൽ" എന്നിവയിൽ നിന്നുമാണ് ഇുക കണ്ടെത്തുന്നത്. സംസ്ഥാനത്തെ വിവിധ ജില്ലകളിലായി തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകളിൽ 49,000 സോയിൽ ഹെൽത്ത് കാർഡുകൾ വിതരണം ചെയ്തിട്ടുണ്ട്. കൃഷി വകപ്പിൽ സംസ്ഥാനവിഷ്കൃത പദ്ധതിയായ "നാഷണൽ മിഷൻ ഓൺ സസ്റ്റയിനബിൾ അഗ്രിക്കൾച്ചർ (NMSA)"ന്റെ ഘടകമായ സോയിൽ ഹെൽത്ത് മാനേജ്മെന്റ് (SHM) എന്ന പദ്ധതി നടപ്പിലാക്കുന്നു. കൂടാതെ മണ്ണിന്റെ ആരോഗ്യ പരിപാലനവും ഉൽപ്പാദന വർദ്ധനവും (Soil Health Management & Productivity Improvement) എന്ന സംസ്ഥാന പദ്ധതിയും നടപ്പിലാക്കി വരുന്നു.

കൃഷി വകപ്പിൽ സംസ്ഥാനാവിഷ്കൃത പദ്ധതിയുടെ ഭരണാനുമതിയും ഫണ്ടും ജില്ലാ പ്രിൻസിപ്പൽ കൃഷി ആഫീസർമാർക്ക് നൽകിയിട്ടുണ്ട്.

(ഡി) കൃഷി വകപ്പിന്റെ 2015-16-ലെ സംസ്ഥാനാവിഷ്കൃത പദ്ധതിയുടെ ഭരണാനുമതിയും ഫണ്ടും പ്രിൻസിപ്പൽ കൃഷി ആഫീസർമാർക്ക് നൽകിയിട്ടുണ്ട്

പദ്ധതിയുടെ നടത്തിപ്പിനാവശ്യമായ എല്ലാ നടപടികളും സ്വീകരിച്ചു വരുന്നുണ്ട്.

പടന്നക്കാട് കാർഷിക കോളേജിലെ സെക്ഷൻ ഓഫീസർ തസ്തികകൾ

212 (1582) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) പടന്നക്കാട് കാർഷിക കോളേജ് എന്നാണ് പ്രവർത്തനം ആരംഭിച്ചതെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) സൂപ്പർവൈസറി തസ്തികകളിലായി കോളേജ് അഡ്മിനിസ്ട്രേറ്റീവ് സ്റ്റാഫിൽ ആരംഭ സമയത്ത് എത്ര സെക്ഷൻ ഓഫീസർ തസ്തികകളാണ് ഉണ്ടായിരുന്നതെന്ന് പറയാമോ ;

(സി) പ്രസ്തുത കാലയളവിൽ കോളേജിൽനിന്നും സെക്ഷൻ ഓഫീസർ തസ്തികകൾ മാറ്റിക്കൊണ്ടുള്ള ഉത്തരവുകൾ ഇറങ്ങിയിട്ടുണ്ടോ ; എങ്കിൽ അതിന്റെ പകർപ്പുകൾ ലഭ്യമാക്കാമോ ; സെക്ഷൻ ഓഫീസർ തസ്തികകൾ മാറ്റപ്പെട്ടിട്ടുണ്ടെങ്കിൽ പുനസ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ഡി) നിലവിൽ, എത്ര സെക്ഷൻ ഓഫീസർമാരുടെ തസ്തികകളാണ് പ്രസ്തുത കോളേജിലുള്ളതെന്നും പ്രസ്തുത തസ്തികയിൽ എത്രപേർ ജോലി ചെയ്യുവരുന്നുണ്ടെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ) 1994-ലാണ് പടന്നക്കാട് കാർഷിക കോളേജ് പ്രവർത്തനമാരംഭിച്ചത്.

(ബി) പടന്നക്കാട് കാർഷിക കേളേജ് ആരംഭിച്ച സമയത്ത് ഒരു സെക്ഷൻ ഓഫീസറുടെ തസ്തികയും പിന്നീട് 3 തസ്തികകളും ഉണ്ടായിരുന്നു.

(സി) കാർഷിക സർവ്വകലാശാല ഉത്തരവ് നമ്പർ ജി.എ./എ 3/19750/08 തീയതി 31-12-2008 പ്രകാരം ഒരു സെക്ഷൻ ഓഫീസർ തസ്തിക സർവ്വകലാശാല ആസ്ഥാനത്തേയ്ക്ക് മാറ്റപ്പെട്ടിട്ടുണ്ട്. സർക്കാർ ഉത്തരവ് ജി.ഒ.(ആർടി.) നമ്പർ 369/12/എഫ്.&പി.ഡി. തീയതി 27-4-2012 പ്രകാരം കാർഷിക സർവ്വകലാശാലയിൽ നിന്നും 14 തസ്തികകൾ അധികമായി ഫിഷറീസ് സർവ്വകലാശാലയിലേയ്ക്ക് മാറ്റപ്പെട്ടതിനെ തുടർന്ന് പടന്നക്കാട് കാർഷിക കോളേജിലെ ഒരു സെക്ഷൻ ഓഫീസറുടെ തസ്തികയും ഇല്ലാതായിട്ടുണ്ട്. ഉത്തരവുകളുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

ഫിഷറീസ് സർവ്വകലാശാലയിലേയ്ക്ക് അധികമായി കൈമാറ്റം ചെയ്ത 14 തസ്തികകൾക്ക് പകരമായി ഒഴിഞ്ഞു കിടന്നിരുന്ന ചില തസ്തികകൾ പരിവർത്തനം ചെയ്ത് ഭരണ സമിതി തീരുമാനമെടുത്ത് ഉത്തരവായെങ്കിലും പിന്നീട് ഇത് റദ്ദ് ചെയ്തിരുന്നു. ഈ വിഷയം ഇപ്പോൾ വീണ്ടും ഭരണസമിതിയുടെ പരിഗണനയിലാണ്.

(ഡി) നിലവിൽ സെക്ഷൻ ഓഫീസറുടെ ഒരു തസ്തിക മാത്രമാണ് ഉള്ളത്. അതിൽ ഒരാൾ ജോലി ചെയ്തു വരുന്നുണ്ട്. കൂടാതെ സർവ്വകലാശാലയുടെ കീഴിലുള്ള കോഴിക്കോട് ഇന്റേണൽ ഓഡിറ്റ് സർക്കിളിൽനിന്നും ഒരു സെക്ഷൻ ഓഫീസറെ വർക്കിംഗ് അറേഞ്ച്മെന്റിൽ പടന്നക്കാട് കാർഷിക കോളേജിൽ നിയമിച്ചിട്ടുണ്ട്.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly